CLT:CLT.qxd 05-01-2025 10:08 PM Page 1

പുതു അനുഭവങ്ങൾ സമ്മാനിച്ച് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന് കൊടിയിറങ്ങി

■ സ്വന്തം ലേഖകൻ
കോഴിക്കോട്

രണ്ട് ദിവസങ്ങൾ തുറമുഖ നഗരത്തിന് സുന്ദര കാഴ്ചകൾ സമ്മാനിച്ച് ബേപ്പൂർ വാട്ടർഫെസ്റ്റിന് കൊടിയിറങ്ങി. ജല സാഹസിക കായിക മത്സരങ്ങളും ആകാശ വിസ്മയങ്ങളും പ്രദർശനങ്ങളും സംഗീത പരിപാടികളും കൊണ്ട് നാടിനെ ഉത്സവ ലഹരിയിലാഴ്ത്തിയാണ് ബേപ്പൂർ ഫെസ്റ്റ് സീസൺ നാല് കടന്ന് പോയത്.

മത്സരങ്ങൾ കാണാനും പ്രോത്സാഹിപ്പിക്കാനും കൗതുക കാഴ്ചകൾക്ക് സാക്ഷ്യം വഹിക്കാനും ഫുഡ്ഫെസ്റ്റിലെ വൈവിധ്യമാർന്ന രുചിക്കൂട്ടങ്ങൾ പരീക്ഷിക്കാനും സംഗീതം ആസ്വദിക്കാനുമായി ആയിരങ്ങളാണ് ഓരോ ദിവസവും ഫെസ്റ്റിലേക്ക് ഒഴുകിയെത്തിയത്. വ്യോമസേനയുടെ ഉദാഗം നിറച്ച എയർഷോയും പാരമോട്ടറിങ്ങും കൈറ്റ് ഫെസ്റ്റിവലും ഡ്രോൺ ഷോയും ആകാശത്ത് വിസ്മയം തീർത്തപ്പോൾ ഡിങ്കി ബോട്ട് റേസും സെയിലിംഗും കയാക്കിങ്ങും ഫ്ലൈ ബോർഡ് ഡെമോയും കടലിലെ മത്സരാവേശം കരയിൽ കരഘോഷമായി. തുറമുഖത്ത് നങ്കൂരമിട്ട ഇന്ത്യൻ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും കപ്പലിലെ കാഴ്ചകൾ കാണാൻ രണ്ട് ദിവസവും രാവിലെ ഒമ്പത് മണി മുതൽ ആയിരങ്ങളെത്തി.

ഫിഷിംഗ് ഹാർബർ ജംഗ്ഷനിൽ നിന്ന് പ്രധാന വേദിവരെ സമാപന ഘോഷയാത്ര നടന്നു.ഫെസ്റ്റിന്റെ സമാപന സമ്മേളനം മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. സിനിമാ താരങ്ങളായ ബേസിൽ ബേസിൽ ജോസഫ്, സൗബിൻ ഷാഹിർ എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളായി പങ്കെടുത്തു. സമാപന സമ്മേളനത്തിൽ കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് അധ്യക്ഷയാകും. എം.കെ രാഘവൻ എം.പി, എം.എൽ.എ മാരായ അഹമ്മദ് ദേവർകോവിൽ, തോട്ടത്തിൽ രവീന്ദ്രൻ, ലിന്റോ ജോസഫ്, കെ.എസ് സച്ചിൻദേവ് എന്നിവർ മുഖ്യാതിഥികളായി.

ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ്, ടൂറിസം വകുപ്പ് ഡയറക്ടർ ശിഖാ സുരേന്ദ്രൻ, കെ.ടി.ഐ.എൽ ചെയർമാൻ എസ്.കെ സജീഷ്, കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സി.പി മുസാഫിർ അഹമ്മദ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അഡ്വ. പി. ഗവാസ് തുടങ്ങിയവർ പങ്കെടുത്തു.

● ബേപ്പൂർ ഫെസ്റ്റിൽ നടന്ന നാടൻ വള്ളംകളി മത്സരം

ഓളപരപ്പിനെ കീറിമുറിച്ച് വള്ളംകളി മത്സരം

ബേപ്പൂർ ബ്രേക്ക് വാട്ടറിൽ ഇന്നലെ നടന്ന നാടൻ വള്ളംകളി മത്സരം കാണികളുടെ മനം കവർന്നു. കളിയോടപ്പെരുമയിൽ ആർപ്പുവിളികളും മനക്കരുത്തും കൊണ്ടാണ് വള്ളക്കാർ തുഴഞ്ഞത്. ഓളപ്പരപ്പിൽ കയ്യ്മെയ്യ് മറന്ന് പോരാടാൻ ഒൻപതു ടീമുകൾ റെഡിയായി. 300 മീറ്റർ ചുറ്റളവിലാണ് മത്സരം സംഘടിപ്പിച്ചത്. ഒരോ ടീമിലുമായി 12 ആളുകൾ വീതം മത്സരിച്ചു. മലപ്പുറം, കോഴിക്കോട് ഭാഗങ്ങളിൽ നിന്നുള്ള സാധാരണക്കാരാണ് മത്സരത്തിൽ പങ്കെടുത്തത്.

ഇഞ്ചോടിഞ്ച് പോരാട്ടം കാഴ്ചവെച്ചാണ് എല്ലാ ടീമുകളും മടങ്ങിയത്. തിങ്ങിനിറഞ്ഞ കാണികളുടെ പ്രോത്സാഹനവും ആർപ്പുവിളികളും കരഘോഷവും വള്ളംകളി മത്സരത്തിന്റെ മാറ്റ് കൂട്ടി. കാണികളെ നിയന്ത്രിക്കാൻ പോലീസ് സഹായവും ഉണ്ടായിരുന്നു. കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി സി.ഇ.ഒ ബിനു കുര്യാക്കോസ് നാടൻ വള്ളംകളി മത്സരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

തിരകളെ കീഴടക്കി സർഫിങ്

ബേപ്പൂർ കടലിലെ സർഫിങ് ഡെമോ കാണികൾക്ക് പുത്തനനുഭവമായി. ബേപ്പൂരിന്റെ ഓളപ്പരപ്പിനെ കീഴടക്കി സർഫിങ് വിദഗ്ദർ തിരകൾക്കു മുകളിലൂടെ അനായാസം ഒഴുകിയിറങ്ങുന്ന മനോഹര കാഴ്ച കാണികളിൽ കൗതുകവും ആവേശവുമേറ്റി. സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് കീഴിൽ ഗോതീശ്വരത്ത് പ്രവർത്തിക്കുന്ന സർഫിങ് ക്ലബ്ബ് ആണ് സർഫിങ്ങിന് നേതൃത്വം നൽകിയത്. അവഞ്ചർ സർഫിങ് ക്ലബ്ബിലെ പരിശീലകരായ കെ. ആതിര, പ്രവീൺ, എം. അശ്വന്ത്, വി.പി അനസ്, അജ്മൽ എന്നിവരാണ് സർഫിങ് ഡെമോ അവതരിപ്പിച്ചത്. ഡി.ടി.പി.സി യുടെയും ആർടി മിഷന്റെയും അഡ്വഞ്ചർ ടൂറിസം ക്ലബ്ബിന്റെയും നേതൃത്വത്തിലുള്ള ബേപ്പൂരിലെ സർഫിങ് പരിശീലന ക്ലബ്ബാണ് അവഞ്ചർ സർഫിങ് ക്ലബ്. മൂന്നു വർഷമായി ക്ലബ് സ്ഥാപിതമായിട്ട്. സർഫിംഗ് എന്ന ജനകീയമല്ലാത്ത കായിക വിനോദത്തിന്റെ ത്രസിപ്പിക്കുന്ന സാഹസികതയും വേഗതയും നേരിട്ട് കാണാനും പരിചയപ്പെടാനും സർഫിംഗ് ഡെമോ ഉപകരിച്ചു.

ആവേശം ചൂണ്ടയിൽ കോർത്ത മത്സരം

കാണികൾക്ക് ആവേശം പകർന്ന് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവലിൽ ഞായറാഴ്ച നടന്ന ചൂണ്ടയിടൽ മത്സരം. 83 പേരാണ് ബേപ്പൂർ പുലിമുട്ടിൽ നടന്ന വാശിയേറിയ മത്സരത്തിൽ പങ്കെടുത്തത്. കഴിഞ്ഞ വർഷം 40പേർ പങ്കെടുത്ത സ്ഥാനത്താണ് ഇത്തവണത്തെ ഇരട്ടിയിൽ അധികം പങ്കാളിത്തം. ചൂണ്ടയിൽ കുരുങ്ങുന്ന മത്സ്യങ്ങളുടെ തൂക്കത്തിനനുസരിച്ചിന് വിജയികളെ തീരുമാനിക്കുന്നത്. രണ്ടു മണിക്കൂറോളം നീണ്ട മത്സരത്തിൽ ഏത് തരം ചൂണ്ടയും ഉപയോഗിക്കാം.

970 ഗ്രാം മത്സ്യം പിടിച്ചു കൊണ്ട് സുഹൈൽ ഒന്നാം സ്ഥാനത്തെത്തി. തൊട്ടു പിന്നാലെ 840 ഗ്രാമോടെ ആലി ഹസൻ രണ്ടാം സ്ഥാനവും 690 ഗ്രാം തൂക്കമുള്ള മത്സ്യങ്ങൾ പിടിച്ച അൻസാർ മൂന്നാം സ്ഥാനവും നേടി. ഫെസ്റ്റിന്റെ രണ്ടാം ദിനം നടന്ന ചൂണ്ടയിടൽ മത്സരം നാട്ടുകാർ ഉൾപ്പെടെയുള്ള മത്സ്യബന്ധന പ്രേമികൾ കാത്തിരുന്ന ഒന്നായിരുന്നു.

ശ്മശാന കോംപ്ലക്സ് സ്മൃതിപഥം മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ജനനം പോലെ തന്നെ മനുഷ്യൻ ആദരിക്കപ്പെടേണ്ട ചടങ്ങാണ് മരണമെന്നും മനുഷ്യനെ ആദരവോടെ യാത്രയയ്ക്കേണ്ട ഇടങ്ങളാണ് ശ്മശാനങ്ങളെന്നും പൊതുമരാമത്ത്, വിനോദസഞ്ചാര മന്ത്രി പി.എ മുഹമ്മദ് റിയാസ്. കോഴിക്കോട് മാവൂർ റോഡിൽ കോഴിക്കോട് കോർപ്പറേഷന്റെ നവീകരിച്ച ശ്മശാന കോംപ്ലക്സ് സ്മൃതിപഥം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുയിടങ്ങളെ ഡിസൈനോടെ പുനരുജ്ജീവിപ്പിക്കുക എന്ന സർക്കാർ തീരുമാനത്തിന്റെ മാതൃകയാണ് സ്മൃതിപഥം.

പരിസരമലിനീകരണം ഇല്ലാത്ത വാതക, ഇലക്ട്രിക് രീതിയിലുള്ള സംസ്കാരം, മനസ്സിന് തണലേകുന്ന പൂന്തോട്ടം ഉൾപ്പെടെയുള്ള അന്തരീക്ഷം, അനുശോചനയോഗം നടത്താനുള്ള സംവിധാനം എന്നിവ ഇവിടെയുണ്ട്. ഇത്തരത്തിലുള്ള ആധുനിക ശ്മശാനം ഒരു വ്യക്തിയുടെ മരണവേളയിൽ അവരെ ആദരവോടെ യാത്രയാക്കുന്ന ഇടമാണ്. അകറ്റി നിർത്തേണ്ട ഇടങ്ങളല്ല ശ്മശാനങ്ങൾ, അവ ആധുനികവൽക്കരിക്കുകയാണ് വേണ്ടത് മന്ത്രി പറഞ്ഞു. മലയാളത്തിലെ മഹാനായ എഴുത്തുകാരൻ എം.ടി വാസുദേവൻ നായരുടെ ഭൗതികദേഹമാണ് സ്മൃതിപഥത്തിൽ ആദ്യമായി സംസ്കരിച്ചത്. ഔദ്യോഗിക ഉദ്ഘാടനത്തിന് മുൻപായിരുന്നു ഇത്. സ്മൃതിപഥം യാഥാർഥ്യമാക്കാൻ മുൻകൈയെടുത്ത കോഴിക്കോട് കോർപ്പറേഷൻ മുൻ എം.എൽ.എ എ. പ്രദീപ്കുമാർ, നിലവിലെ എം.എൽ.എ തോട്ടത്തിൽ രവീന്ദ്രൻ, ആർക്കിടെക് ഡിസൈൻ ചെയ്ത പൊതുമരാമത്ത് ആർക്കിടെക്ചർ വിഭാഗം എന്നിവരെ മന്ത്രി അഭിനന്ദിച്ചു.

പരിപാടിയിൽ കോർപ്പറേഷൻ മേയർ ബീന ഫിലിപ്പ് അധ്യക്ഷയായി. എം.എൽ.എ മാരായ തോട്ടത്തിൽ രവീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. പി. ഗവാസ്, ഡെപ്യൂട്ടി മേയർ സി.പി മുസാഫർ അഹമ്മദ്, സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻമാരായ പി.സി രാജൻ, പി. ദിവാകരൻ, എസ്. ജയശ്രീ, സി. രേഖ, കൃഷ്ണകുമാരി, ഒ. പി ഷിജിന, പി.കെ നാസർ, കൗൺസിലർമാരായ ഒ. സദാശിവൻ, കെ. മൊയ്തീൻ കോയ, കെ.സി ശോഭിത, നവ്യ ഹരിദാസ്, മുൻ എം.എൽ.എ എ. പ്രദീപ്കുമാർ, ടി.പി ദാസൻ, കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി കെ.യു. ബിനി, സൂപ്രണ്ടിങ് എഞ്ചിനീയർ എം.എസ് ദിലീപ്, ഡോ. മുനവർ റഹ്മാൻ എന്നിവർ സംബന്ധിച്ചു. പുതിയ ശ്മശാനം കോംപ്ലക്സും നവീകരിച്ച പഴയ കോംപ്ലക്സും ചേർന്നുള്ളതാണ് പുതുതായി നാമകരണം ചെയ്ത സ്മൃതിപഥം. പഴയ ശ്മശാന കോംപ്ലക്സിൽ ഒരു ഇലക്ട്രിക് ശ്മശാനവും വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ശ്മശാനവും പരമ്പരാഗത രീതിയിലുള്ള രണ്ട് ശ്മശാനങ്ങളും ഉണ്ട്. ഇവ നവീകരിച്ചതിന് പുറമെയാണ് വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന മൂന്ന് ചേമ്പറുകൾ കൂടി പുതുതായി നിർമിച്ചിട്ടുള്ളത്.

● നവീകരിച്ച ശ്മശാനം കോംപ്ലക്സ് സ്മൃതിപഥം മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യുന്നു.

സൗജന്യ നേത്രരോഗ നിർണയക്യാമ്പ് സംഘടിപ്പിച്ചു

കുറ്റ്യാടി: മുണ്ടകുറ്റി ദേശപോഷിണി വായനശാലയും കോഴിക്കോട് ചന്ദ്രകാന്ത നേത്രാലയവും ചേർന്ന് മുണ്ടകുറ്റിയിൽ സൗജന്യ നേത്രരോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. മരുതോങ്കര ഗ്രാമപഞ്ചായത്ത് അംഗം അജിത പവിത്രൻ ഉദ്ഘാടനം ചെയ്തു.

കൺവീനർ എൻ.കെ പത്മനാഭൻ അധ്യക്ഷത വഹിച്ചു. ഡോക്ടർ ചന്ദ്രകാന്ത് മുഖ്യ പ്രഭാഷണം നടത്തി.ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ കെ.പി ശ്രീധരൻഎൻ കെ. നിഷ, എന്നിവരും പി ദിവാകരൻ, കെ.ജെ സബാസ്റ്റ്യൻ, കുറ്റ്യാടി റോട്ടറി ക്ലബ് പ്രസിഡന്റ് വേണുഗോപാൽ, കെ.നാരായണൻ, സംഘാടക സമിതി ചെയർമാൻ ടി. പവിത്രൻ, വി.പി വിനോദൻ, സി.പി രഘുനാഥ് എന്നിവർ സംസാരിച്ചു.

● ഓഞ്ഞിൽ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി തിരുനാളിന് ഫാദർ ജേക്കബ്ബ് കുര്യൻ ചായ നാനിക്കൽ കൊടിയേറ്റുന്നു.

ഓഞ്ഞിൽ സെന്റ് ജോൺസ് പള്ളിയിൽ ഓർമ പെരുന്നാളിന് തുടക്കം

കുരാച്ചുണ്ട്: ഓഞ്ഞിൽ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ യോഹന്നാൻ സ്നാപകന്റെ ഓർമ പെരുന്നാൾ ആരംഭിച്ചു. ഫാദർ ജേക്കബ്ബ് കുര്യൻ ചായ നാനിക്കൽ കോർ എപ്പിസ്കോപ്പ കൊടിയേറ്റ് നിർവഹിച്ചു. വികാരി ഫാദർ ജോമി ജോർജ് സഹകാർമ്മികനായിരുന്നു. കുർബാന, വചന സന്ദേശം, ഇടവകയിലെ ആത്മിയ സംഘടനകളുടെ വാർഷികം, ഇടവക കുടുംബത്തിന്റെ കലാ സന്ധ്യ എന്നിവ നടത്തി. പ്രധാന തിരുന്നാൾ ദിനമായ ഇന്ന് രാവിലെ 7.30 ന് ദനഹാ ശുശ്രൂഷ, കുർബാന, വൈകിട്ട് 6 ന് സന്ധ്യ നമസ്ക്കാരം, വചന സന്ദേശം, കരിമ്പനക്കുഴി കുരിശടിയിലേക്ക് പ്രദക്ഷിണം. ആശീർവാദം, നേർച്ച വിളമ്പ് എന്നിവ നടക്കും. നാളെ ചടങ്ങുകൾ സമാപിക്കും.

● കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രി പതാക ഉയർത്തുന്നു.

ഭൂമിവാതുക്കൽ ടൗൺ സൗന്ദര്യവൽക്കരണ പദ്ധതി തുടങ്ങി

വാണിമേൽ: ഭൂമിവാതുക്കൽ ടൗണിൽ പേരോട് എം.ഐ.എം ഹയർസെക്കൻഡറി സ്കൂൾ എൻ.എസ്.എസിൻറെ ആഭിമുഖ്യത്തിൽ ആരംഭിച്ച സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഉദ്ഘാടനം ഷാഫി പറമ്പിൽ എം.പി നിർവ്വഹിച്ചു. ടൗണിലെ വിവിധ ഭാഗങ്ങളിൽ പൂച്ചെടികൾ നട്ടു. ഇവ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ പരിപാലിക്കും. ഗ്രാമഞ്ചായത്ത് പ്രസിഡന്റ് പി. സുരയ്യ അധ്യക്ഷയായി. സ്കൂൾ പ്രിൻസിപ്പൾ എം.കെ കുഞ്ഞബ്ദുല്ല, വാർഡ് അംഗം അനസ് നങ്ങാണ്ടി, വി.കെ മൂസ, പി.ടി.എ പ്രസിഡന്റ് പി.കെ മുഹമ്മദ് എടച്ചേരി, പ്രോഗ്രാം ഓഫീസർ ഇസ്മായിൽ വാണിമേൽ, അർബൺ ബാങ്ക് ചെയർമാൻ എം.കെ അഷ്റഫ്, പി. റഫീഖ്, സുബൈർ തോട്ടക്കാട്ട്, കെ.കെ നവാസ്, കയമക്കണ്ടി അമ്മദ് ഹാജി, കവൂർ ജലീൽ എന്നിവർ സാംസാരിച്ചു.

കുന്നുമ്മൽ ഉപജില്ല കായികമേള

കുന്നുമ്മൽ: ഉപജില്ലാ എൽ.പി വിഭാഗം കായികമേള വട്ടോളി നേഷണൽ എച്ച്.എസ്.എസിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി ചന്ദ്രി പതാക ഉയർത്തി ഉദ്ഘാടനം നിർവ്വഹിച്ചു. കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ റീത്ത സമ്മാനദാനം നിർവ്വഹിച്ചു.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പി.എം അബ്ദു റഹ്മാൻ അധ്യക്ഷത വഹിച്ചു, ഗെയിംസ് അസോസിയേഷൻ സെക്രട്ടറി എം. ഷഫീഖ് നന്ദി പറഞ്ഞു. പി.പി ദിനേശൻ, മനോജൻ, കെ.കെ ബാബു, നാസർ താനറണി, മനോജ് കൈവേലി, വി.വി സജീർ, പി.പി സലിൽ രാജ്, പി.സി സന്തോഷ്, പി.പി മുഹമ്മദ്, ടി.കെ വിനീഷ്, അഖില പൊയിലൂറ, ടി. കെ ഷജ്ല, കെ.ടി ബോബൻ, വി.കെ പ്രജിൽ, ടി.കെ സൂരജ്, നാജിദ്, ഷാജി ജസ്റ്റിൻ ജോസ്, റിൻസ് എന്നിവർ സംസാരിച്ചു.

കെ.വി.കെ.എം.എം ദേവർകോവിൽ എ.എം യു.പി കായക്കൊടി, വടയം സൗത്ത് എൽ.പി സ്കൂൾ എന്നിവ യഥാക്രമം ഒന്ന് ,രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

എൽ.പി കിഡീസ് വിഭാഗത്തിൽ കെ.വി.കെ.എം.എം.യു.പി ഒന്നാം സ്ഥാനവും, കുറ്റ്യാടി എം.ഐ യു.പി സ്കൂൾ രണ്ടാം സ്ഥാനം ചീക്കോന്ന് എം എൽ പി എസ് ചീക്കോന്ന് മൂന്നാം സ്ഥാനവും നേടി. എൽ പി മിനി വിഭാഗത്തിൽ വടയം എൽ.പി സ്കൂൾ, കായക്കൊടി എ.എം യു.പി സ്കൂളും ഒന്നാം സ്ഥാനം പങ്കിട്ടു. കെ.വി.കെ,എം.എം ദേവർകോവിൽ രണ്ടാം സ്ഥാനവും, എം.ഡി.എൽ.പി.എസ് വേളം മൂന്നാം സ്ഥാനവും നേടി.

മുനമ്പം കമ്മീഷൻ മുൻധാരണയോടെ പ്രവർത്തിക്കുന്നു: കെ.എൻ.എം മർകസുദ്ദഅവ

കോഴിക്കോട്: മുനമ്പം വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പഠിച്ച് റിപ്പോർട്ട് നൽകാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് സി. എൻ രാമചന്ദ്രൻ നായർ ജുഡീഷ്യൽ കമ്മീഷന്റെ വിശ്വാസ്യതയിൽ ആശങ്കയുണ്ടാക്കുന്നതാണ് കഴിഞ്ഞ ദിവസം കമ്മീഷൻ നടത്തിയ പ്രസ്താവനയെന്ന് കെ.എൻ.എം മർകസുദ്ദഅവ സംസ്ഥാന സെക്രട്ടറിയേറ്റ് കുറ്റപ്പെടുത്തി. മുനമ്പം വഖഫ് ഭൂമി കയ്യേറ്റക്കാരുടെ അവകാശവാദം ശരിവെക്കും വിധമുള്ള നടപടി ക്രമങ്ങൾ മുൻകൂട്ടി പ്രഖ്യാപിക്കുക വഴി കമ്മീഷൻ പക്ഷപാത പരമായാണ് പ്രവർത്തിക്കുന്നതെന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല.

മുനമ്പം വഖഫ് ഭൂമിയുടെ വിൽപനയും കയ്യേറ്റവും നിയമവിരുദ്ധമാണെന്നിരിക്കെ അത് കയ്യേറ്റക്കാർക്ക് പതിച്ചു നൽകാനുള്ള നീക്കം നടത്തുന്നത് കമ്മീഷന്റെ വിശ്വാസ്യതക്ക് കളങ്കം വരുത്തും. മുനമ്പം വഖഫ് ഭൂമി ബന്ധപ്പെട്ടവർക്ക് തിരിച്ചു കിട്ടാനും കുടിൽ കെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനുമുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടതെന്നും കെ.എൻ.എം മർകസുദ്ദഅവ സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. വൈസ് പ്രസിഡന്റ് കെ.പി അബ്ദുറഹ്മാൻ സുല്ലമി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം. അഹമ്മദ് കുട്ടി മദനി ഉദ്ഘാടനം ചെയ്തു. കെ. എൽ.പി യൂസുഫ്, എൻ.എം അബ്ദുൽ ജലീൽ, പ്രൊഫ.കെ.പി സകരിയ്യ, അഡ്വ.പി മുഹമ്മദ് ഹനീഫ, കെ.പി മുഹമ്മദ് വയനാട്, എഞ്ചി.സൈതലവി, അബ്ദുൽ ജബ്ബാർ കുന്ദംകുളം, സി. മമ്മു കോട്ടക്കൽ, പ്രൊഫ.ശംസുദ്ദീൻ പാലക്കോട്, ഡോ.ഐ.പി അബ്ദുസ്സലാം, കെ.എം കുഞ്ഞമ്മദ് മദനി, സി. അബ്ദു ലത്തീഫ്, ഡോ. അനസ് കടലുണ്ടി, എം.ടി മനാഫ്, ഡോ.ജാബിർ അമാനി, ഫൈസൽ നൻമണ്ട, പി.അബ്ദുസ്സലാം പുത്തൂർ, സലീം കരുനാഗപ്പള്ളി, ബി.പി.എ ഗഫൂർ, സുബൈർ ആലപ്പുഴ, റശീദ് ഉഗ്രപുരം, കെ.പി അബുറഹ്മാൻ ഖുബ, എ.ടി ഹസൻ മദനി, എം.കെ ശാകിർ, ഡോ. അൻവർ സാദത്ത്, ഹാസിൽ മുട്ടിൽ, പി.എൻ ഫഹിം, ഡോ. ഫുക്കാർ അലി, സുഹൈൽ സാബിർ, സഫൂറ തിരുവണ്ണൂർ, ഹസ്ന നാസർ പ്രസംഗിച്ചു.

മലയോര നാടിനെ ആവേശത്തിലാക്കി സംസ്ഥാന ക്രോസ്കൺട്രി ചാമ്പ്യൻഷിപ്പ്: ഓവറോൾ കിരീടം പാലക്കാടിന്

കല്ലാനോട്: നിരവധി ദേശീയ അന്തർദേശീയ താരങ്ങളെ വാർത്തെടുത്ത മലയോര കുടിയേറ്റ ഗ്രാമമായ കല്ലാനോടിനെ ആവേശത്തിൽ ആറാടിച്ച് സംസ്ഥാന ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ്. കല്ലാനോട് സെന്റ് മേരീസ് സ്പോർട്സ് അക്കാദമിയുടെ നേതൃത്വത്തിൽ നടന്ന 29 മത് ചാമ്പ്യൻഷിപ്പിൽ 52 പോയിന്റോടെ പാലക്കാട് ജില്ല ജോൺ പി മാത്യു മെമ്മോറിയൽ വിന്നേഴ്സ് ട്രോഫി കരസ്ഥമാക്കി. 20 പോയിന്റോടെ മലപ്പുറം ജില്ല തോമസ് പള്ളിവാതുക്കൽ മെമ്മോറിയൽ ഫസ്റ്റ് റണ്ണർ അപ്പ് ട്രോഫി നേടി.

16 പോയിന്റ് നേടിയ കോട്ടയം ജില്ലയ്ക്കാണ് സെന്റ് മേരീസ് സ്പോർട്സ് അക്കാദമി സെക്കന്റ് റണ്ണർ അപ്പ് ട്രോഫി.പഞ്ചായത്ത് പ്രസിഡന്റ് പോളി കാരക്കട മത്സരങ്ങൾ ഫ്ലാഗ് ഓഫ് ചെയ്തു. ബാലുശ്ശേരി എംഎൽഎ അഡ്വ. കെഎം സച്ചിൻദേവ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി മുഖ്യാതിഥി ആയിരുന്നു. സെന്റ് മേരീസ് അക്കാദമി രക്ഷാധികാരി ഫാ. ജിനോ ചുണ്ടയിൽ അനുഗ്രഹപ്രഭാഷണം നടത്തി. കല്ലാനോട് സ്വദേശി ബോസ് പള്ളിവാതുക്കലാണ് ചാമ്പ്യൻഷിപ്പ് സ്പോൺസർ ചെയ്തത്. കേരള സ്റ്റേറ്റ് അത്‌ലറ്റിക് അസോസിയേഷൻ സെക്രട്ടറി കെ ചന്ദ്രശേഖര പിള്ള, സ്റ്റേറ്റ് നോമിനി ടിഎം അബ്ദുറഹിമാൻ, കോഴിക്കോട് ജില്ലാ പ്രസിഡന്റ് മെഹറൂഫ് മണലോടി, സെക്രട്ടറി കെഎം ജോസഫ്, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ രാജഗോപാൽ, ബ്ലോക്ക് മെമ്പർ അഡ്വ. വികെ ഹസീന, പഞ്ചായത്ത് മെമ്പർമാരായ സിമിലി ബിജു, അരുൺ ജോസ്, പ്രിൻസിപ്പാൾ ബിന്ദു മേരി പോൾ, ഹെഡ്മാസ്റ്റർ സജി ജോസഫ്, കൺവീനർ ജോർജ് തോമസ് എന്നിവർ സംസാരിച്ചു.

സെന്റ് മേരീസ് ഹൈസ്കൂൾ എസ്പിസി അംഗങ്ങൾ ഗാർഡ് ഓഫ് ഓണർ നൽകി. സ്കൂൾ ബാൻഡ് ടീമിന്റെ അകമ്പടിയോടെ വിശിഷ്ടാതിഥികളെ സ്വീകരിച്ചു. വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബ്, മ്യൂസിക് പ്രോഗ്രാം എന്നിവയും ഉണ്ടായിരുന്നു.

● സംസ്ഥാന ക്രോസ്കൺട്രി ചാമ്പ്യൻഷിപ്പ് പഞ്ചായത്ത് പ്രസിഡന്റ് പോളി കാരക്കട ഫ്ളാഗ് ഓഫ് ചെയ്യുന്നു.

● പേരോട് സ്കൂൾ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ നടത്തുന്ന ഭൂമിവാതുക്കൽ ടൗൺ സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഉദ്ഘാടനം ഷാഫി പറമ്പിൽ എം.പി നിർവ്വഹിക്കുന്നു.

നാളെ വൈദ്യുതി മുടങ്ങും

കോഴിക്കോട്: കുന്നമംഗലം സെക്ഷൻ: ചെറുകുളത്തൂർ, പാടേരി, കിഴക്കുംപാടം, ഇ.എം.എസ് സ്കൂൾ പരിസരം-രാവിലെ 8 മുതൽ 5.30 വരെയും നരിക്കുനി സെക്ഷൻ: ചക്കാലക്കൽ, കുഴിപ്ലക്കുന്ന്, പൈമ്പാലുശേരി, അരങ്ങിൽത്താഴം, എതിരൻ മല, മുട്ടാഞ്ചേരി ഹസനിയ, പരനിലം, കല്ലു മുറിക്കൽ, മുക്കലങ്ങാട്, കീഴുപ്പറമ്പ്, കരുവാരപൊറ്റമ്മൽ എന്നീ ട്രാൻസ്ഫോർമറുകളുടെ പരിധിയിലുള്ള സ്ഥലങ്ങളിൽ-രാവിലെ 8 മുതൽ 5 വരെയും നാളെ വൈദ്യുതി മുടങ്ങും.

ഭിന്നശേഷി കലോത്സവം നടത്തി

വളയം: വളയം ഗ്രാമപഞ്ചായത്ത് ഭിന്നശേഷി കലോത്സവം കിളിക്കൊഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി പ്രദീഷ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി അരുൺ കുമാർ സ്വാഗതം പറഞ്ഞു.

ക്ഷേമകാര്യ ചെയർപേഴ്സൺ എം. സുമതി അധ്യക്ഷത വഹിച്ചു. ഐ.സി.ഡി.എസ് സൂപ്രവൈസർ പ്രസീത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. കോർഡിനേറ്റർ അനു പാട്യം സ്, വൈസ് പ്രസിഡന്റ് പി.ടി നിഷ, വികസന സമിതി ചെയർമാൻ കെ. വിനോദൻ, മെമ്പർമാരായ എം. ദേവി, വി.കെ രവി, കെ.കെ ബിജീഷ്, വി.പി ശശിധരൻ എന്നിവർ സംസാരിച്ചു.

ഓഞ്ഞിൽ മൈത്രി സ്വാശ്രയ സംഘം വാർഷികം ആഘോഷിച്ചു

കുരാച്ചുണ്ട്: ഓഞ്ഞിൽ മൈത്രീ സാശ്രയ സംഘത്തിന്റെ ഇരുപത്തിരണ്ടാമത് വാർഷികം ബോബി പാംബ്ലാനിയുടെ വസതിയിൽ വിവിധ കലാകായിക മത്സരങ്ങളോടെ ആഘോഷിച്ചു. ജോസ് കാരക്കട അദ്ധ്യക്ഷത വഹിച്ചു.

എം.